# Phone call between Prime Minister ShriNarendraModi and H.E. Dr. John PombeJoseph Magufuli, President of the United Republic of Tanzania

June 12, 2020

---

## പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും ടാൻസാനിയ യുണൈറ്റഡ് റിപ്പബ്ലിക് പ്രസിഡണ്ട് ആയ ഡോ:ജോൺ പോംബെ ജോസഫ് മഗുഫുലിയുമായുള്ള ടെലിഫോൺ സംഭാഷണം

ജൂൺ 12, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ടാൻസാനിയ യുണൈറ്റഡ് റിപ്പബ്ലിക് പ്രസിഡണ്ട് ആയ ഡോ:ജോൺ പോംബെ ജോസഫ് മഗുഫുലി യുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

1016 ജൂലൈയിൽ ദാർ-എസ്-സലാമിലേക്ക് നടത്തിയ തന്റെ സന്ദർശനം പ്രധാനമന്ത്രി അനുസ്മരിച്ചു കൂടാതെ ടാൻസാനിയയുമായുള്ള സൗഹൃദബന്ധത്തിനു ഇന്ത്യ നൽകുന്ന പ്രാധാന്യത്തെക്കുറിച്ച് ഊന്നിപ്പറയുകയും ചെയ്തു . ടാൻസാനിയൻ ഭരണകൂടത്തിൻെറയും ജനങ്ങളുടെയും ആഗ്രഹങ്ങളും ആവശ്യങ്ങളും അനുസരിച്ച് ടാൻസാനിയയുടെ വികസന യാത്രയിൽ പങ്കാളിയാകുന്നതിനുള്ള ഇന്ത്യയുടെ ശക്തമായ പ്രതിബദ്ധത അദ്ദേഹം ആവർത്തിച്ചു പറഞ്ഞു.

കോവിഡ്-19 ന്റെ വ്യാപനത്തിന് ശേഷം ടാൻസാനിയയിൽ ഉള്ള ഇന്ത്യൻ പൗരന്മാരെ തിരികെയെത്തിക്കുന്നതിനു ടാൻസാനിയൻ അധികാരികൾ നൽകിയ സഹായത്തിനു പ്രധാനമന്ത്രി പ്രസിഡണ്ട് ഡോ:മാഗുഫുലിയോട് നന്ദി അറിയിച്ചു.

മൊത്തത്തിലുള്ള ഉഭയകക്ഷി ബന്ധവുംനേതാക്കൾ അവലോകനം ചെയ്തു.ഇന്ത്യയ്ക്കും ടാൻസാനിയയ്ക്കും ഇടയിൽ വളർന്നു കൊണ്ടിരിക്കുന്ന വികസന പങ്കാളിത്തം, വിദ്യാഭ്യാസ ബന്ധങ്ങൾ, വ്യവസായം കൂടാതെ നിക്ഷേപങ്ങൾ എന്നിവയിൽ അവർ സംതൃപ്തി പ്രകടിപ്പിക്കുകയും ഇവ കൂടുതൽ മേഖപ്പെടുത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

പ്രസിഡണ്ട് മഗുഫുലിയ്ക്കും ടാൻസാനിയയിലെ അദ്ദേഹത്തിൻറെ ജനങ്ങൾക്കും ഈ വർഷം അവസാനം വരാനിരിക്കുന്ന പ്രസിഡണ്ട്, പാർലിമെൻറ്റ് തിരഞ്ഞെടുപ്പുകളോടനുബന്ധിച്ചു പ്രധാനമന്ത്രി ആശംസകൾ അറിയിച്ചു.

**ന്യൂ ഡൽഹി**
**12 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.